# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 10/1442/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 26/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 10/1442/2023 തീയ്യതി: 26/10/2023

## കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-10-2022 മുതൽ 25-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജോഷ്വോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 26-09-2023 | 05-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 26-09-2023 | 05-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഇ. വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷൈനി പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത ടി കെ , സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.അപർണ ഡി,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ പ്രദീപൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ഷീബ എം കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ബാബു ആരോത്ത് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി മുഫീദ നിതു എം കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ ഷിനോജ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ ഷബ്ന | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ ശിവപ്രസാദ് | മെഡിക്കൽ ഓഫീസർ( ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി സുമിത കെ ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു പി | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ ദിപിൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അനശ്രീ എം.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ ദിനേശൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 30-06-2022 |
| ശ്രീ ബൽരാജ് എം ജി | ഹെഡ് മാസ്റ്റർ | 01-07-2022 | 31-03-2023 |
| ശ്രീ ജയപ്രകാശ് ഇ കെ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി അമ്പിളി എൻ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 25-11-2022 |
| ശ്രീമതി ലീന ടി കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ | 1-1-1 |
| 3 | ക്യാഷ് ഫ്ളോ പത്രിക - അപാകത | 1-1-2 |
| 4 | ഡിമാന്റ് എൻടി കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-4 |
| 6 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം (രസീത് ആന്റ് പേയ് മെന്റ് പ്രകാരം) | 1-3 |
| 9 | ഫണ്ട് വിനിയോഗം ( (ACR പ്രകാരം) | 1- 4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | ക്ഷേമ പദ്ധതികൾ | 1-6 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 14 | ടാക്സ് ഓഡിറ്റ് | 1-9 |
| 15 | തൊഴിൽനികുതി പിരിവ് - ഡിമാന്റ് പൂർണ്ണമല്ല. | 1-10 |
| 16 | റേഷൻ റീട്ടയ്ൽ ഷോപ്പുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-11 |
| 17 | സഞ്ചയ സോഫ്റ്റ് വെയറിൽ ചില കെട്ടിടങ്ങൾക്ക് ഉപയോഗ ക്രമം രേഖപ്പെടുത്താതെ നികുതി ഇളവ് നൽകി. | 1-12 |
| 18 | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതിയിൽ വർധനവ് വരുത്തിയില്ല. | 1-13 |
| 19 | സഞ്ചയയിൽ വിസ്തീർണം തെറ്റായി രേഖപ്പെടുത്തി. | 1-14 |
| 20 | ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസ് കരാർ വ്യവസ്ഥ പാലിക്കാത്തതിനാൽ ഹരിത കർമ്മസേനയ്ക്ക് വാഗ് ദാനം ചെയ്ത തുക ലഭ്യമായില്ല. | 1-15 |
| 21 | അങ്കണവാടി അറ്റകുറ്റപ്പണി - കരാറുകാരന് അധികതുക നൽകിയതും മറ്റപാകതകളും | 1-16 |
| 22 | ആർദ്രം പദ്ധതി - ജീവനക്കാർക്ക് വേതനം - അനുവദനീയമായതിലും അധികം തുക നൽകി | 1-17 |
| 23 | അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല | 1-18 |
| 24 | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് പദ്ധതി - ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചില്ല. | 1- 19 |

| | | |
|---|---|---|
| 25 | ഹോമിയോ ഡിസ്‌പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 51,354 രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു. | 1-20 |
| 26 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1- 21 |
| 27 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല. | 1 -22 |
| 28 | കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1 -23 |
| 29 | ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം - പ്രവർത്തനസജ്ജമായില്ല | 1-24 |
| ഭാഗം **2** | | |
| 1 | ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസ് കരാർ വ്യവസ്ഥ പാലിക്കാത്തതിനാൽ ഹരിത കർമ്മസേനയ്ക്ക് വാഗ് ദാനം ചെയ്ത തുക ലഭ്യമായില്ല. | 2 -1 |
| ഭാഗം **3** | | |
| 1 | അങ്കണവാടി അറ്റകുറ്റപ്പണി - കരാറുകാരന് അധികതുക നൽകിയതും മറ്റപാകതകളും | 3-1 |
| 2 | ആർദ്രം പദ്ധതി - ജീവനക്കാർക്ക് വേതനം - അനുവദനീയമായതിലും അധികം തുക നൽകി | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4 -1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4 -4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപത്തിന്റെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27/06/2023 ലെ 02/03 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 22/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 വാർഷിക കണക്കുകൾ - സമർപ്പിക്കാത്ത പത്രികകൾ

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, Notes To Accounts എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ് ).

1-1-2 ക്യാഷ് ഫ്ളോ പത്രിക - അപാകത

ക്യാഷ് ഫ്ളോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ളോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല

നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022 - 23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ “110100101-Property Tax On Residential Buiding” എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022 - 23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01/04/22 മുതൽ 31/03/2023 വരെ അസ്സസ്സ് ചെയ്യപ്പെടുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് തുക രണ്ട് തവണയായി ( 10/11/2022, 31/03/2023) മാത്രം രേഖപ്പെടുത്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നു തന്നെ സാംഖ്യ കണക്കുകളിലെ എൻട്രികളിലെ തുകകളിൽ പിന്നീട് എഡിറ്റിംഗ് വരുത്തി ഡി.സി.ബി - യുമായി പൊരുത്തപ്പെടുത്തുന്ന നിയമവിധേയമല്ലാത്ത രീതിയാണ് പഞ്ചായത്തിൽ സ്വീകരിച്ചതെന്ന് കാണാം. ഇത് ഒഴിവാക്കേണ്ടതാണ്.

1-1-4 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

Eg. വസ്തുനികുതി, ലൈസൻസ് .

1-1-5 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

വികസന ഫണ്ട് (ജനറൽ) ഉപയോഗിച്ച് നിർമ്മിച്ച ആസ്തികൾക്ക് തത്തുല്യമായ തുക വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ ‘Capital Contribution’ ശീർഷകത്തിൽ കാണിക്കുന്നതിന് പകരം മുഴുവൻ തുകയും I-6 ൽ റവന്യൂ ചെലവായി കാണിച്ചു.

.ഉദാഹരണങ്ങൾ

1. പ്രോജക്ട് നം - 88/23 അങ്കണവാടിക്ക് സ്ഥലമെട്ടപ്പ് - ചെലവ് - 450000/-

2. പ്രോജക്ട് നം - 235/23 ചേലിയ സബ്ബ് സെന്ററിന് സ്ഥലമെട്ടപ്പ് - ചെലവ് - 539275/-

3. പ്രോജക്ട് നം - 233/23 ബഡ്സ്സ് റീഹാബിലിറ്റേഷൻ സെന്ററിന് സ്ഥലമെട്ടപ്പ് – ചെലവ് - 85410/-

മേൽ പ്രതിപാദിച്ച അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022 -23 വർഷത്തെ ബജറ്റ് 21/03/2022ലെ 02/55/22 നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 21/03/2023 ലെ 01/01/23 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം (രസീത് ആന്റ് പേയ് മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,23,70,394 |
| വരവ് | 4,24,23,372 |
| ആകെ | 6,47,93,766 |
| ചെലവ് | 45849689 |
| നീക്കിയിരിപ്പ് | 1,89,44,077 |

## 1- 4 ഫണ്ട് വിനിയോഗം ( (ACR പ്രകാരം)

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | | 0 | 19534487 | 19534487 | 19451147 | 83340 | | |
| വികസന ഫണ്ട്-എസ്.സി.പി | | | 2946093 | 2946093 | 2946093 | 0 | | |
| മെയിന്റനൻസ്, റോഡ് | | | 12364000 | 12364000 | 6903232 | 5460768 | | |
| മെയിന്റനൻസ്, നോൺ-റോഡ് | | | 5380000 | 5380000 | 4150736 | 1229264 | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് ഗ്രാന്റ്) | Treasury | | 2566794 | 2566794 | 2418889 | 147905 | | |
| | PFMS | 4897782 | 5503000 | 10400782 | 7030951 | 3369831 | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ് ഗ്രാന്റ്) | Treasury | | 187949 | 187949 | 155100 | 32849 | | |
| | PFMS | 2236751 | 3669000 | 5905751 | 5640799 | 264952 | | |

കുറിപ്പ്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ് ഗ്രാന്റ്), നീക്കിയിരിപ്പിൽ പലിശ ഉൾപ്പെടെയുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 131878138 | 146 | 20 | 56539260 | 53 | 63.36 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 8 | 8 | 3401145 | 2908143 | 85.5% |
| വെറ്ററിനറി സർജൻ | 7 | 6 | 2541400 | 2128400 | 83.74% |
| മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 11 | 10 | 2471026 | 2082777 | 84.28% |
| മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 2 | 2 | 700000 | 700000 | 100% |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 3 | 1164378 | 839366 | 72.08% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1 | 10 | 8 | 24139037 | 4275926 | 17.71% |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 10 | 7798807 | 5191345 | 66.56% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 79 | 57 | 37451455 | 21828261 | 58.28% |
| ഡയറി ഫാം ഓഫീസർ | 2 | 2 | 2393200 | 2098297 | 87.67% |
| സെക്രട്ടറി | 44 | 27 | 13398173 | 8308330 | 62.01% |
| അസി.സെക്രട്ടറി | 8 | 5 | 1203212 | 749166 | 62.26% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 2 | 5 | 5 | 34000000 | 4535000 | 13.33% |
| ഹെഡ്മാസ്റ്റർ | 5 | 3 | 1216305 | 894249 | 73.52% |
| | 199 | 146 | 131878138 | 56539260 | 42.87% |

ഡി.പി.സി. അഗീകാരം ലഭിച്ച 199 പ്രൊജക്ടുകളിൽ 146 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 13,18,78,138/- രൂപ വകയിരുത്തിയതിൽ 5,65,39,260/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 14,72,006 /-രൂപ തനതു ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 19534487 | 19534487 | 19451147 | 83340 |
| വികസന ഫണ്ട്- എസ്.സി.പി | | 2946093 | 2946093 | 2946093 | 0 |
| മെയിന്റനൻസ്, റോഡ് | | 12364000 | 12364000 | 6903232 | 5460768 |
| മെയിന്റനൻസ്, നോൺ-റോഡ് | | 5380000 | 5380000 | 4150736 | 1229264 |
| | | 40224580 | 40224580 | 33451208 | 6773372 |

തൻവർഷം പദ്ധതി ചെലവുകൾക്കായി ലഭിച്ച വികസനഫണ്ട് (ജനറൽ), എസ്.സി.പി, മെയിന്റനൻസ് റോഡ്, നോൺ റോഡ് എന്നീ ഫണ്ടിനത്തിൽ ലഭിച്ച 4,02,24,580/- രൂപയിൽ 67,73,372/- *രൂപ സമയബന്ധിതമായ പദ്ധതി ആസൂത്രണത്തിന്റെയും, മോണിറ്ററിംഗിന്റെയും*

*അഭാവത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. സമയബന്ധിതമായി* പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. സർക്കാരിൽ നിന്ന് ലഭ്യമാകുന്ന തുകകൾ സർക്കാർ മാനദണ്ഡപ്രകാരം, പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പൂർണ്ണമായി വിനിയോഗിക്കുന്നുവെന്ന് സെക്രട്ടറിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതുമാണ്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6092800 | 644 |
| വിധവ പെൻഷൻ | 12767200 | 1202 |
| വാർദ്ധക്യകാലപെൻഷൻ | 22756800 | 2080 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1653200 | 155 |
| വികലാംഗ പെൻഷൻ | 3849800 | 376 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.09.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ കർത്തവ്യങ്ങളും, ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുന്നതിന് ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ ഒരു വർഷത്തിന്റെ പ്രവർത്തനങ്ങളെ തീരുമാനിക്കുന്ന രേഖയെന്ന നിലയിൽ ബഡ്ജറ്റിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ് ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ട ആവശ്യമായ സാഹചര്യങ്ങളിൽ പുതുക്കിയ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് രേഖകൾ പ്രത്യേക ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടുമുണ്ട്.

പഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. 22.03.2023ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നികുതി പരിഷ്കരണം പുതിയ കെട്ടിടങ്ങൾക്ക് നടപ്പിലാക്കിയിട്ടില്ല. 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ 5% വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ വാതിൽപ്പടി സേവനത്തിന്റെ ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തി കുറ്റമറ്റരീതിയിൽ വാർഷിക കണക്ക് തയ്യാറാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്.

## 1-9 ടാക്സ് ഓഡിറ്റ്

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി, തൊഴിൽ നികുതി, മറ്റ് നികുതി വരുമാനം എന്നിവയുടെ പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായി. അതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ എന്നിവ പ്രകാരം ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ പതിനേഴ് വാർഡുകളിലായി നിലവിൽ നിയമാനുസൃതം നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 6,687 കെട്ടിടങ്ങളും, പാർപ്പിടേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1,036 കെട്ടിടങ്ങളും, 6 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 5 എണ്ണം നിയമാനുസൃതം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്.

01.04.23 ന് ശേഷം ഓഡിറ്റ് തിയതിവരെ 60 നിയമാനുസൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. കെട്ടിട നിർമാണം പൂർത്തീകരിച്ച് കെട്ടിടനമ്പറിനായി ലഭിച്ച അപേക്ഷകളിൽ നിലവിൽ 22 എണ്ണത്തിന് വസ്തു നികുതി ചുമത്താൻ ശേഷിക്കുന്നുണ്ട്. അനധികൃതമായി നിർമ്മിക്കപ്പെട്ടിട്ടുള്ളതും യു.എ.സി നമ്പർ നൽകി നികുതി ചുമത്തി വരുന്നതുമായ 139 കെട്ടിടങ്ങളും ഗ്രാമപഞ്ചായത്തിൽ ഉണ്ട്.

നികുതി പിരിവ്

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ അപേക്ഷിച്ച് 2022-23 വർഷത്തിൽ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| | വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | വർദ്ധനവ് |
|---|---|---|---|---|---|
| വസ്തുനികുതി | 20-21 | 2940163 | 2940163 | 0 | 1,85,128 രൂപ |
| | 22-23 | 3125291 | 3125291 | 0 | |

| | വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | വർദ്ധനവ് |
|---|---|---|---|---|---|
| തൊഴിൽ നികുതി | 2021-22 | 1039310 | 1039310 | | 1,38,390 രൂപ |
| | 2022-23 | 1177700 | 1177700 | | |

വസ്തുനികുതി

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വസ്തുനികുതി വരവ് 40,00,000/- രൂപയും ഈയിനത്തിലെ യഥാർത്ഥ വരവ് 29,40,163/- രൂപയുമാണ്. ഗ്രാമപഞ്ചായത്തിൽ തൻവർഷം സഞ്ചയപ്രകാരമുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനവും പിരിവ് വന്നിട്ടുണ്ട്. എന്നാൽ ഡിമാന്റ് നൂറ് ശതമാനത്തിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടില്ല എന്ന് പരിശോധനയിൽ നിന്നും വ്യക്തമാണ്. ഖണ്ഡിക 1-11,1-12,1-13 എന്നിവ കാണുക.

2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കുന്ന 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (5) ൽ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടില്ല എങ്കിലും സഞ്ചയയിൽ 5% വർദ്ധനവ് വരുത്തിയിട്ടുണ്ടെന്ന് പരിശോധനയിൽ നിന്നും വ്യക്തമാണ്.

ഫീൽഡ് പരിശോധന

2013 – ൽ നികുതി പരിഷ്കരണം നടത്തിയപ്പോൾ ഫീൽഡ് പരിശോധന നടത്താതെ ഡാറ്റ എൻട്രി നടത്തിയതിനാൽ സഞ്ചയയിൽ കെട്ടിടത്തിന്റെ രേഖകൾ തെറ്റായി രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഖണ്ഡിക 1-14 കാണുക. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കുന്നതിനാവശ്യമായ വിവരശേഖരണം നടത്തുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഐ.ടി.ഐ സർവ്വേയർ എന്നീ യോഗ്യതയിൽ കുറയാത്തവരെ നിയമിക്കാവുന്നതാണെന്ന് നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് നിലവിലുള്ള കെട്ടിടങ്ങളുടെ വിവരശേഖരണത്തിനും, ഡാറ്റാ എൻട്രിക്കുമായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് 4.5.23 നടന്ന സാധാരണ യോഗത്തിലെ 21/21(1)/23 നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള 17 വാർഡുകളിൽ ഒരു വാർഡിലെ ഗാർഹിക കെട്ടിടങ്ങളിൽ മാത്രമേ മേൽ പദ്ധതി പ്രകാരം വിവരശേഖരണം നടത്തിയിട്ടുള്ളൂ. ആയതിന്റെ തന്നെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ട് നിലവിലുള്ളതിനാൽ വസ്തുനികുതി പരിഷ്കരണത്തിനായുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 12.07.2023 തിയ്യതിയിലെ സാധാരണ യോഗത്തിൽ നിരക്കുകൾ അന്തിമമാക്കി വിജ്ഞാപനം ചെയ്യുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

തൊഴിൽ നികുതി

നികുതി നൽകാൻ ബാധ്യസ്ഥരായവരെല്ലാം നികുതി നൽകിയെന്ന് ഉറപ്പ് വരുത്തണമെങ്കിൽ നികുതിദായകരുടെ പൂർണ്ണമായ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉണ്ടായിരിക്കണം. ഈ ലിസ്റ്റ് തുടർച്ചയായി പുതുക്കുകയും വേണം. ആയതിലേക്ക് പിരിവിന് നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ സേവനം പൂർണ്ണമായി പ്രയോജനപ്പെടുത്തണം. തൻ വർഷം തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടേയും, ട്രേഡേഴ്സിന്റേയും, എംപ്ലോയേഴ്സിന്റേയും എണ്ണം കഴിഞ്ഞ വർഷത്തേക്കാൾ കൂടിയിട്ടുണ്ടെങ്കിലും, ഡിമാന്റ് പൂർണ്ണമല്ല എന്ന് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ മുതലായ രേഖകൾ പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഖണ്ഡിക 1-10 കാണുക.

| സാമ്പത്തിക വർഷം | തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം | തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള ട്രേഡേഴ്സിന്റെ എണ്ണം | തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള എംപ്ലോയേഴ്സിന്റെ എണ്ണം |
|---|---|---|---|
| 2021-22 | 25 | 281 | 70 |
| 2022-23 | 86 | 306 | 75 |

തൊഴിൽ നികുതി സംബന്ധിച്ച ലിസ്റ്റ് സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ലൈസൻസ്/രജിസ്ട്രേഷൻ/ പെർമിറ്റ് എടുക്കാൻ ബാധ്യസ്ഥരായവർ അവ യഥാസമയം എടുത്തുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അർപ്പിതമായ ബാധ്യത നിറവേറ്റുന്നതിനും ഫീസ്, തൊഴിൽ നികുതി ഇനങ്ങളിൽ ചോർച്ച

ഇല്ലാതിരിക്കുന്നതിനും ഓരോ വർഷവും ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുകയും ലിസ്റ്റ് പൂർണ്ണമാണെന്ന് ഉറപ്പുവരുത്തുകയും വേണം.

FTE&OS ലൈസൻസ്

2022-23 വർഷത്തിൽ FTE&OS ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. കെട്ടിടങ്ങളെ കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുമില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന്നവർ, അഗ്രികൾച്ചറൽ നഴ്സറി തുടങ്ങിയവ). ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2022-23 വർഷത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 255 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. ഖണ്ഡിക 1-11 കാണുക.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1958 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (എഫ് ടി ഇ & ഒ എസ്സ് - ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

സേവന ഉപനികുതി

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. എന്നാൽ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരിടത്തും വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മുഴവൻ വാർഡുകളിലും അടിയന്തിരമായി വിവര ശേഖരണം നടത്തുകയും ആയതിന് അനുസൃതമായി വസ്തുനികുതി പരിഷ്കരിക്കേണ്ടതുമാണ്.

2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

4. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.

6. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരാനുള്ള ഊർജ്ജിത യജ്ഞം നടത്തേണ്ടതാണ്. നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ്

ശതമാനം പിരിവ് ഉറപ്പ വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുത്തുക എന്നതിനും ഗ്രാമപഞ്ചായത്ത് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

7. വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-10 തൊഴിൽനികുതി പിരിവ് - ഡിമാന്റ് പൂർണ്ണമല്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായതോ സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994- ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996- ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകളും ആയത് ഒഴിവാക്കാനുള്ള നിർദ്ദേശങ്ങളും മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ (2020-21, ഖണ്ഡിക 1-(15)-1, 2021-22 ഖണ്ഡിക 1-14) പ്രതിപാദിച്ചിട്ടുണ്ടെങ്കിലും നിലവിലും അപാകത തുടരുന്നു.

ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ), അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. റേഷൻ കടകളിലെ ജീവനക്കാർ, മരാമത്ത് പ്രവൃത്തിയുടെ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

I) ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിലെ ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ ഈ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

Ii) ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഷമേജ് ടി | I &II |
| 2 | ബിജേഷ് | I &II |
| 3 | റഫീക്ക് പി | I &II |
| 4 | പ്രജോഷ് | I &II |

| | | |
|---|---|---|
| 5 | രാഹുൽ സി എം | I &II |
| 6 | അനിൽകുമാർ ബാബു | I &II |
| 7 | ഒ. എം. ശിവദാസൻ | I &II |
| 8 | ബിജു ടി വി | I &II |
| 9 | ഷാജി രാഘവൻ | I &II |
| 10 | ആദർശ് കെ | I &II |

മേൽ പരാമർശിച്ച കരാറുകാർ മറ്റേതെങ്കിലും തദ്ദേശ ഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെടേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.9/23,4.5.23), തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി വരികയാണെന്നും റേഷൻ കടകളിലെ ജീവനക്കാർ, മരാമത്ത് പ്രവൃത്തിയുടെ കരാറുകാർ എന്നിവരിൽ നിന്നും ഈ സാമ്പത്തിക വർഷം തന്നെ തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട വരുമാനമായ തൊഴിൽ നികുതി അസസ്സ് ചെയ്യുന്നതിനും, അസസ്സ് ചെയ്തത് ഡിമാന്റ് ചെയ്ത് കൃത്യമായി ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-11 റേഷൻ റീട്ടയ്ൽ ഷോപ്പുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. നിലവിലെ ചട്ടങ്ങൾ പ്രകാരം റേഷൻ റീട്ടയ്ൽ ഷോപ്പുകളെ തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കയില്ല എന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ, കത്ത് - നം. സി.എസ്.(എ)-9/764/19 തിയതി: 22.01.21 പ്രകാരം അറിയിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ നിലവിൽ 11 റേഷൻ റീട്ടയ്ൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഇവ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടു. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

വാർഡ് തലത്തിൽ പരിശോധന നടത്തി ലൈസൻസ് ഫീസ് അടവാക്കാൻ ബാധ്യസ്ഥമായ മുഴുവൻ സ്ഥാപങ്ങളിൽ നിന്നും ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും, മുഴുവൻ സ്ഥാപങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ

സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-12 സഞ്ചയ സോഫ്റ്റ് വെയറിൽ ചില കെട്ടിടങ്ങൾക്ക് ഉപയോഗ ക്രമം രേഖപ്പെടുത്താതെ നികുതി ഇളവ് നൽകി.

1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും 2011 - ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്.

ജി.ഒ(എം.എസ്)358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച. മീ വരെ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ പല കെട്ടിടങ്ങളും ഉപയോഗ ക്രമം രേഖപ്പെടുത്താതെ തന്നെ നികുതി ഇളവ് നൽകിയിട്ടുണ്ട്. ആയതിനാൽ 60 ച. മീ വരെ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തന്നെയാണോ നികുതി ഒഴിവാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് , വിലാസം | വിസ്തീർണ്ണം |
|---|---|---|---|
| 4 | 10/471 A | ശങ്കരൻ നായർ, കൊല്ലറുകണ്ടി, എടക്കുളം | 60.72ച.മീ |
| 1 | 5/149 | കമല, കൊട്ടെമ്മൽ, എളാട്ടേരി, മേലൂർ, 673306. | 36.3ച.മീ |
| 2 | 6/74 A | ശ്രീധരൻ തെക്കെപിലാത്തോട്ടത്തിൽ, എളാട്ടേരി, മേലൂർ, 673306. | 48.9ച.മീ |
| 5 | 12/380 | ശ്രീധരൻ, തടവനക്കണ്ടി, എടക്കുളം, കൊയിലാണ്ടി, 673306 | 26ച.മീ |
| 6 | 13/310 AB | നസീമ, വാവുലേരിതാഴ | 32.5ച.മീ |
| 7 | 16/13A | സൌമിനി, എളേരിക്കുറ്റികുനി, എടക്കുളം, കൊയിലാണ്ടി, 673306 | 50ച.മീ |
| 8 | 6/153 | ശാരദ, നടുക്കണ്ടി, എളാട്ടേരി, മേലൂർ, 673306 | 30ച.മീ |

| | | | |
|---|---|---|---|
| 9 | 7/570 | ബുഷറ, ഇയ്യപ്പൊയിൽ, ചേലിയ, ചേലിയ, 673306 | 32 ച.മീ |
| 10 | 7/626 A1 | മരക്കാർ, നാലുകുടിപറമ്പിൽ, ചേലിയ, ചേലിയ | 34.22ച.മീ |

മുകളിൽ കൊടുത്ത ഉദാഹരണങ്ങൾ ഉൾപ്പെടെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇപ്രകാരം നികുതി നിർണ്ണയം നടത്താത്ത എല്ലാ വാർഡുകളിലേയും കെട്ടിടങ്ങളെ കണ്ടെത്തി യഥാർത്ഥത്തിൽ നികുതി ഇളവ് നൽകേണ്ട കെട്ടിടങ്ങൾക്ക് തന്നെയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി നികുതി നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ നിയമാനുസൃതമായി നികുതി ഒഴിവാക്കപ്പെടേണ്ടവയാണോ എന്ന് പുനഃപരിശോധിച്ച് യഥാർത്ഥത്തിൽ നികുതി ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾ മാത്രമാണ് നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടത് എന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും, സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതാണ്. നികുതി നിർണ്ണയിക്കേണ്ട കെട്ടിടങ്ങൾ ഉണ്ടെങ്കിൽ ആയതിന് നികുതി നിർണ്ണയിച്ച് ഈടാക്കി തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-13 തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതിയിൽ വർധനവ് വരുത്തിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ച് പ്രതിപാദിക്കുന്നു. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവ് വരുത്തേണ്ടതുണ്ട്.

മേൽത്തരം തറയോടുകൂടിയ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക്) 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം വ്യത്യസ്ത മുറികളായി തിരിച്ച് നമ്പറിട്ടപ്പോൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ബാധകമായ 15% വർധനവ് വരുത്തിയിട്ടില്ല. ആയതിനാൽ നികുതി ചോർച്ച സംഭവിക്കാൻ ഇടയായിട്ടുണ്ട്. എതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 2/89 B,C | അബ്ദുള്ള, സനം, അരങ്ങാടത്ത് 14 മൈൽസ്, മേലൂർ, മേലൂർ, 673306 | 367.65 ച.മീ |
| 1/30 A To K | സൻജീവ് കുമാര്, എടയിലാട്ട് താമസിക്കും മാവുള്ളിപുറത്തുട്ട്, കൊയിലാണ്ടി, മേലൂർ, 673306 | 345.42 ച.മീ |
| 12/189 A To I | അബ്ദുൾ ഖാദർ എ. വി. എം, ബൈത്തുൽ അഖ്സ, എടക്കുളം, കൊയിലാണ്ടി, 673306 | 257.14 ച.മീ |

| | | |
|---|---|---|
| 12/279 A To H | ചന്ദ്രൻ എൻ. കെ, നടുക്കണ്ടി, എടക്കുളം, കൊയിലാണ്ടി, 673306 | 596.21 ച.മീ |
| 12/655 A To J | എം. കെ ഇബ്രാഹിം, ഫാത്തിമ മൻസിൽ, പെരുവട്ടൂർ | 411.03 ച.മീ |

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സാധാരണ തറ അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.6/23, 4.3.23) 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം വ്യത്യസ്ത മുറികളായി തിരിച്ച് നമ്പറിടുമ്പോൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ബാധകമായ 15% വർധന ചുമത്തി നികുതി നിർണയിക്കാനുള്ള ഓപ്ഷൻ നിലവിൽ സഞ്ചയയിൽ ലഭ്യമല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. നികുതി നഷ്ടം തടയുന്നതിനാവശ്യമായ അപ്ഡേഷൻ സഞ്ചയയിൽ വരുത്തുന്നതിന് ഐ.കെ.എം മായി നടപടി സ്വീകരിച്ച് നികുതി പുനർനിർണ്ണയിച്ച് കുറവ് വന്ന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 സഞ്ചയയിൽ വിസ്തീർണം തെറ്റായി രേഖപ്പെടുത്തി.

വി. ഇ. ഒ നിർവ്വഹണം നടത്തിയ 'ജീർണ്ണിച്ച മേൽക്കൂര മാറ്റിവയ്ക്കൽ' പദ്ധതിയുമായി ബന്ധപ്പെട്ട് ശ്യാമള, കണിയാംകണ്ടി എന്ന ഗുണഭോക്താവ് നൽകിയ അപേക്ഷയിൽ 5/480 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണം 100.17 ച. മീ. എന്നാണ് നൽകിയിട്ടുള്ളത്. എന്നാൽ ടി കെട്ടിടത്തിന്റെ വിസ്തീർണം സഞ്ചയ സോഫ്റ്റ് വെയറിൽ 84 ച. മീ. എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 100.17 ച. മീ വിസ്തീർണമുള്ള മേൽ കെട്ടിടത്തിന് 2013 ൽ നികുതി പരിഷ്കരണം നടത്തിയിട്ടും നിലവിലും 84 ച.മീ വിസ്തീർണമാക്കിയാണ് നികുതി ഈടാക്കി കൊണ്ടിരിക്കുന്നത്.

2013 – ൽ നികുതി പരിഷ്കരണം നടത്തിയപ്പോൾ ഫീൽഡ് പരിശോധന നടത്താതെ ഡാറ്റ എൻട്രി നടത്തിയതാണ് അപാകതയ്ക്ക് കാരണമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതുപോലെ യഥാർത്ഥ വിസ്തീർണത്തിലും കുറവായി സഞ്ചയയിൽ രേഖപ്പെടുത്തിയത് മൂലം നിരവധി കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കിയതിൽ കുറവു സംഭവിക്കാനുള്ള സാധ്യത നിലനിൽക്കുന്നു. അധികരിച്ച വിസ്തീർണം ക്രമവത്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത് ആയതിന്റെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനനിർണ്ണയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കേണ്ടതാണ്. കുറവായി ഈടാക്കിയ നികുതി ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-15 ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസ് കരാർ വ്യവസ്ഥ പാലിക്കാത്തതിനാൽ ഹരിത കർമ്മസേനയ്ക്ക് വാഗ് ദാനം ചെയ്ത തുക ലഭ്യമായില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ ഹരിത കർമ്മസേന അംഗങ്ങൾ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവ മാലിന്യങ്ങൾ സംസ്കരണ സ്ഥലത്തേക്ക് കയറ്റി അയ്ക്കുന്നതിന് ആവശ്യമായ ചെലവ് അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസ് LLP വെസ്റ്റ്ഹിൽ എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് കോർഡിനേറ്ററുമായി 2022 ആഗസ്റ്റ് 17 ന് കരാറിൽ

ഏർപ്പെട്ടിട്ടുണ്ട്. ഈ കരാറിലെ 4-ാം മത്തെ വ്യവസ്ഥ പ്രകാരം "പഞ്ചായത്തിൽ നിന്ന് കയറ്റികൊണ്ടുപോകുന്ന പ്ലാസ്റ്റിക്ക് മിക്സ് മെറ്റീരിയൽസിന് പഞ്ചായത്ത് കിലോഗ്രാമിന് 8/- രൂപ നിരക്കിൽ നൽകണമെന്നും കൊണ്ടുപോയ മാലിന്യത്തിന്റെ 20% ത്തിന് കിലോഗ്രാമിന് 5/- രൂപ നിരക്കിൽ ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസ് ഹരിതകർമ്മസേനയ്ക്ക് തിരികെ നൽകുന്നതുമായിരിക്കും എന്നുമാണ് (ഇത് ഹരിത കർമ്മസേന Recyclable വിറ്റതായി കണക്കാക്കി കാണിക്കാം). (മുൻ വർഷ കരാറിലും ഈ വ്യവസ്ഥ അനുബന്ധമായി ഉൾകൊള്ളിച്ചിട്ടുണ്ട്). മേൽ കരാർ വ്യവസ്ഥ ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസ് പാലിക്കാത്തിനാൽ ഹരിത കർമ്മസേനയ്ക്ക് ലഭ്യമാവേണ്ട തുക ലഭ്യമായിട്ടില്ല എന്ന് ഹരിത കർമ്മസേനയുടെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. പദ്ധതിയുടെ വിശദാംശം ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തുന്നു.

## 1-16 അങ്കണവാടി അറ്റകുറ്റപ്പണി - കരാറുകാരന് അധികതുക നൽകിയതും മറ്റപാകതകളും

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് - അങ്കണവാടി അറ്റകുറ്റപ്പണി, പ്രൊജക്ട് നം. 64/23

അടങ്കൽ - 3,12,845/- സംരക്ഷണഗ്രാന്റ് (നോൺ റോഡ്)

ചെലവ് -2,60,901/- ബിൽ നം. 58/30.8.22

കരാറുകാരൻ - വിനോദ് കെ. ആർ

പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ അങ്കണവാടികളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കരാറുകാരന് അധികതുക നൽകി

പ്രവൃത്തിക്കായി 14.12.2021 ന് ടെണ്ടർ നടത്തിയതിൽ 4 കരാറുകാർ പങ്കെടുക്കുകയും 13.61% കുറവ് ക്വാട്ട് ചെയ്ത വിനോദ് കെ. ആർ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. 30.3.2022 ന് പ്രവൃത്തി പൂർത്തീകരിച്ച് 30.8.2022 ന് കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 13.61% ന് പകരം 10.25% ടെൻഡർ കുറവ് അനുവദിച്ചതിനാൽ 9,767/- രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഖണ്ഡിക 3-1 ൽ പരാമർശിച്ചത് കാണുക.

## 1-17 ആർദ്രം പദ്ധതി - ജീവനക്കാർക്ക് വേതനം - അനുവദനീയമായതിലും അധികം തുക നൽകി

ചെങ്ങോട്ട്കാവ് കുടുംബ ആരോഗ്യ കേന്ദ്രത്തിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നിവർക്ക് വേതനം നൽകുന്നതിന് തയ്യാറാക്കിയ പ്രൊജക്ട് നമ്പർ 19/23 (ആർദ്രം പദ്ധതിയിൽ) ഫാർമസിസ്റ്റിന് അധികം വേതനം നൽകിയതിനാൽ 18,085/-രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് ഖണ്ഡിക 3-2 ആയി പരാമർശിച്ചിട്ടുണ്ട്.

## 1-18 അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B – 18 ഷെഡ്യൂൾ പ്രകാരവും അഡ്വാൻസ് രജിസ്റ്റർ പ്രകാരവും ചുവടെ പറയുന്ന അഡ്വാൻസ് തുക ക്രമീകരിക്കാൻ ബാക്കിയുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | Account Head | Item | Amount |
|---|---|---|---|
| 1 | 460100101 | Festival Advance<br>വൗച്ചർ നം -80103/23 /08/2012 | 4,000 |
| 2 | 460100103 | Temporary Advance For Official Purpose<br>വൗച്ചർ നം -<br>2100031/09/04/21 – 47880/-<br>- 22100104/17/5/21 - 17640/- | 65,520 |
| | | | 69,520/- |

2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടസ് ) ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം മുൻകൂറുകൾ നൽകിയാൽ യഥാർത്ഥ ചെലവുകൾക്ക് അനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്. ആ തുക ചെലവായി കഴിയുമ്പോൾ തുക ചെലവായതിനുള്ള രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട കാലാവധിയ്ക്കകം മുൻകൂർ തുക യഥാവിധി വിനിയോഗിക്കാതെ വരികയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽ അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (13/2022 -23 /5.10.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം മുൻകൂറുകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

1- 19 കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് പദ്ധതി - ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചില്ല.

പ്രോജക്ട് - കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് പദ്ധതി

പ്രോജക്ട് നമ്പർ - 245/23

നിർവഹണോദ്യോഗസ്ഥ - ഐ. സി. ഡി. എസ് സൂപ്പർവൈസർ

അടങ്കൽ - 1,50,000/- രൂപ – മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 1,50,000/- രൂപ

ബിൽ നമ്പർ - 233/2022-23 തീയതി 15.2.2023 – 1,50,000/- രൂപ

ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിലുൾപ്പെട്ട കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് പദ്ധതി പ്രകാരം 3 ഗുണഭോക്താക്കൾക്ക് കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സൗകര്യം ലഭ്യമാക്കുന്നതിനായി മേൽപ്രകാരം 1,50,000/- രൂപ 15.2.2023 ന് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ അടച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ ( 29.9.2023 വരെ) ഈ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സൗകര്യം കേരള സാമൂഹ്യ സുരക്ഷാ മിഷൻ ലഭ്യമാക്കിയിട്ടില്ല. കേരള സാമൂഹ്യ സുരക്ഷാ മിഷനുമായി ബന്ധപ്പെട്ട് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 1/2022-23 തീയതി 29.9.2023) 3.10.2023 ന് ഐ. സി. ഡി. എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ കേരള സാമൂഹ്യ സുരക്ഷാ മിഷനുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരമുള്ള കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സൗകര്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് സൗകര്യം ലഭ്യമാക്കുന്നതിന്റെ റിപ്പോർട്ട് ഹാജരാക്കുന്നത് വരെ മേൽപ്രകാരമുള്ള 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 51,354 രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | 23/23 ഹോമിയോ മരുന്ന് വാങ്ങൽ |
| അടങ്കൽ | 1,00,000/- മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 1,00,000/- (ബിൽ നം. 2/22-23 തീയതി 7.2.2023 ) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

മേൽ പ്രോജക്ട് പ്രകാരം ചെങ്ങോട്ടുകാവ് ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി 1,00,000/- രൂപ മുകളിൽ ചേർത്ത വിധം ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി (ഓഡിറ്റ് തീയതി വരെ - 29.9.2023 വരെ) 48,646/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള മരുന്നുകൾ (51,354/- രൂപയുടെ) ഹോംകോയിൽ നിന്നും ലഭ്യമാക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്
(ഓഡിറ്റ് എൻക്വയറി നമ്പർ 2/2022-23 തീയതി 29.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 51,354/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1- 21 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് - ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 124/23 | ഡി. പി. സി കെട്ടിട നിർമ്മാണം - വിഹിതം കൈമാറൽ | 2,00,000 - വികസന ഫണ്ട് - പൊതു വിഭാഗം | ജില്ലാ കളക്ടർ, കോഴിക്കോട് 2,00,000 - ബിൽ നമ്പർ - 550/22-23, തീയതി 24.9.2022 |
| | ആകെ | 2,00,000 | |

മേൽ പ്രകാരം കൈമാറിയ തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്
(ഓഡിറ്റ് എൻക്വയറി നമ്പർ 3/2022-23 തീയതി 30.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1 -22 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തികരിച്ചില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി
(എസ്. സി) പ്രകാരം 2021 -22 സാമ്പത്തിക വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച് ധനസഹായം കൈപ്പറ്റിയ

4 ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതായി നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ച ഭവന നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് മനസ്സിലാവുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വെച്ച സാമ്പത്തിക വർഷം | അർഹമായ ധനസഹായം | അവസാനം തുക കൈപ്പറ്റിയ തീയതി | നാളിതുവരെ കൈപ്പറ്റിയ തുക | പൂർത്തികരിച്ച സ്റ്റേജ് |
|---|---|---|---|---|---|---|
| 1 | ഹരിത W/oബിജീഷ് | 2021 -22 | 4,00,000 | 100000/ 30/09/22 | 3,00,000 | മേൽക്കൂര |
| 2 | മാലിനി W/o സുന്ദരൻ | 2021 -22 | 4,00,000 | 40000/ 30/09/22 | 3,00,000 | മേൽക്കൂര |
| 3 | രവിന W/o നോജ് | 2021 -22 | 4,00,000 | 68600/ 30/09/22 | 2,54,900 | മേൽക്കൂര |
| 4 | സുഭിഷW/o അജീഷ് | 2021 -22 | 4,00,000 | 100000/ 24/06/23 | 3,00,000 | മേൽക്കൂര |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം. 34/2018 /ത.സ്വ.ഭ.വ, തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. മേൽ ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തികരിക്കാത്ത ഗുണഭോക്താക്കൾക്ക് എതിരെ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (4/22-23/03.10.23) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1 -23 കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 37,500/- രൂപ അവശേഷിക്കുന്നുണ്ട്. 2020 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണിത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ – 144 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽക്കൂട്ടിയതായി കാണുന്നില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

നാളിതുവരെ ഈ ഇനത്തിലുള്ള തുക മുതൽ കൂട്ടാത്തതിന് മറുപടി ലഭ്യമാക്കതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (14/2022 – 23/05.10.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കാലാവധി കഴിഞ്ഞ ഇലക്ഷൻ ഡെപ്പോസിറ്റ് തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-24 ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം - പ്രവർത്തനസജ്ജമായില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് - 'ടേക്ക് എ ബ്രേക്ക്, പ്രൊജക്ട് നം. 62/23

അടങ്കൽ - 6,00,000/- വികസനഫണ്ട് (ജനറൽ)

– 6,00,000/- കേന്ദ്രാവിഷ്കൃതഫണ്ട്

ചെലവ് – 139750/- ബിൽ നം. 25/23.6.22

– 343448/- ബിൽ നം. 338/24.3.23

– 600000/- ബിൽ നം. 337/24.3.23

– 116802/- ബിൽ നം. 403/30.3.23

സ.ഉ.(കൈ) നം. 39/20/തസ്വഭവ തീയതി 20.2.2020, സ.ഉ.(കൈ) നം. 45/20/തസ്വഭവ തീയതി 6.3.2020 എന്നീ ഉത്തരവുകൾ പ്രകാരം വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതുശുചിമുറികളും 'ടേക്ക് എ ബ്രേക്ക്' വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യകേന്ദ്രങ്ങൾ, ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ 2020-21 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിരുന്നു. സ.ഉ.(സാധാ) നം. 1401/20/തസ്വഭവ തീയതി 27.7.2020 പ്രകാരം ടേക്ക് എ ബ്രേക്ക് നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിന് പ്രൊജക്ട് നം. 208/22 ആയി 12,00,000 രൂപ അടങ്കലിൽ പദ്ധതി ആവിഷ്കരിക്കുകയും 2022-23 വർഷം പ്രൊജക്ട് നമ്പർ 62/23 പ്രകാരം കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം പ്രൊജക്ട് നം. 198/24 പ്രകാരം ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ടേക്ക് എ ബ്രേക്ക് നിർമ്മാണവും, നിലവിലെ അവസ്ഥയും ഓഡിറ്റിന്റെ ഭാഗമായി അവലോകന വിധേയമാക്കുകയുണ്ടായി. വിശദാംശം ചുവടെ കൊടുക്കുന്നു.

ടേക്ക് എ ബ്രേക്ക് - പ്രവൃത്തി പൂർത്തീകരിച്ചിട്ടും സ്ഥലം ആർജ്ജിച്ചില്ല/ ലീസിനെടുത്തില്ല:

ടേക്ക് എ ബ്രേക്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായത് സംസ്ഥാനപാതയ്ക്കരികിൽ ചെങ്ങോട്ട്കാവ് മേൽപ്പാലത്തിനടിയിലായി റീസർവ്വേ നമ്പർ 86/1A, 30/2 ൽ ഉൾപ്പെട്ട പൊതുമരാമത്ത് റോഡ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മൂന്ന സെന്റ് സ്ഥലമാണ്. കോഴിക്കോട് ജില്ലാ കലക്ടറുടെ 24.2.2021 ലെ DCKKD/7572/2022/L1 നടപടിക്രമത്തിലൂടെ ഈ സ്ഥലത്ത് വിശ്രമ കേന്ദ്രം സ്ഥാപിക്കാൻ താല്ക്കാലിക ഉപയോഗാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്താണ് ഈ അനുമതി നൽകിയതെന്നും, ഈ ഭൂമി ആറു മാസത്തിനകം ലീസിലൂടെയോ/വാങ്ങൽ നടപടികളിലൂടെയോ റവന്യൂ വകുപ്പിലെ നിലവിലെ ഉത്തരവുകൾ പ്രകാരം ക്രമവത്കരിക്കേണ്ടതാണെന്നും പ്രസ്തുത നടപടിക്രമത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഭൂമി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയിട്ടില്ല. നിലവിൽ പഞ്ചായത്തിന്റേതല്ലാത്ത സ്ഥലത്താണ് ടേക്ക് എ ബ്രേക്ക് സ്ഥിതി ചെയ്യുന്നത്. ഇതു മൂലം ഭാവിയിൽ പല നിയമ കുരുക്കുകൾക്കുമുള്ള സാധ്യത നിലനിൽക്കുന്നു. പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആസ്തിയിലുൾപ്പെടുത്തിയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

ടേക്ക് എ ബ്രേക്ക് പ്രവർത്തനസജ്ജമായില്ല:

പുരുഷൻമാർക്ക് ഒരു ടോയ്‌ലറ്റ്, ഒരു യൂറിനൽ, സ്ത്രീകൾക്ക് രണ്ട് ടോയ്‌ലറ്റ്, ഭിന്നശേഷിയുള്ളവർക്കായി 1 ടോയ്‌ലറ്റ്, ഫീഡിംഗ് റൂം, കഫെറ്റീരിയ എന്നീ സൗകര്യങ്ങൾ വിശ്രമകേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ഓഡിറ്റ് സമയം വരെ ഇത് പ്രവർത്തന സജ്ജമാക്കിയിട്ടില്ല. വിശ്രമകേന്ദ്രം പ്രവർത്തനക്ഷമമാക്കി പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 12,00,000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2 -1 ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസ് കരാർ വ്യവസ്ഥ പാലിക്കാത്തതിനാൽ ഹരിത കർമ്മസേനയ്ക്ക് വാഗ് ദാനം ചെയ്ത തുക ലഭ്യമായില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ ഹരിത കർമ്മസേന അംഗങ്ങൾ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവ മാലിന്യങ്ങൾ സംസ്കരണ സ്ഥലത്തേക്ക് കയറ്റി അയ്ക്കുന്നതിന് ആവശ്യമായ ചെലവ് അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസ് LLP വെസ്റ്റ്ഹിൽ എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് കോർഡിനേറ്ററുമായി 2022 ആഗസ്റ്റ് 17 ന് കരാറിൽ

ഏർപ്പെട്ടിട്ടുണ്ട്. ഈ കരാറിലെ 4-ാം മത്തെ വ്യവസ്ഥ പ്രകാരം "പഞ്ചായത്തിൽ നിന്ന് കയറ്റികൊണ്ടുപോകുന്ന പ്ലാസ്റ്റിക്ക് മിക്സ് മെറ്റീരിയൽസിന് പഞ്ചായത്ത് കിലോഗ്രാമിന് 8/- രൂപ നിരക്കിൽ നൽകണമെന്നും കൊണ്ടുപോയ മാലിന്യത്തിന്റെ 20% ത്തിന് കിലോഗ്രാമിന് 5/- രൂപ നിരക്കിൽ ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസ് ഹരിതകർമ്മസേനയ്ക്ക് തിരികെ നൽകുന്നതുമായിരിക്കും എന്നുമാണ് (ഇത് ഹരിത കർമ്മസേന Recyclable വിറ്റതായി കണക്കാക്കി കാണിക്കാം). (മുൻ വർഷ കരാറിലും ഈ വ്യവസ്ഥ അനുബന്ധമായി ഉൾകൊള്ളിച്ചിട്ടുണ്ട്). മേൽ കരാർ വ്യവസ്ഥ ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസ് പാലിക്കാത്തിനാൽ ഹരിത കർമ്മസേനയ്ക്ക് ലഭ്യമാവേണ്ട തുക ലഭ്യമായിട്ടില്ല എന്ന് ഹരിത കർമ്മസേനയുടെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അജൈവ മാലിന്യശേഖരണത്തിന് ഗ്യാപ് ഫണ്ട് |
| പ്രോജക്ടിന്റെ നമ്പർ | So 199/23 |
| വകയിരുത്തിയതുക | 10,74,700/- ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) |
| ചെലവുതുക | 10,74,700/- ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

2022 -23 വർഷം ഹരിത കർമ്മസേന അംഗങ്ങൾ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവ മാലിന്യങ്ങൾ സംസ്കരണ സ്ഥലത്തേക്ക് കയറ്റി അയ്ക്കുന്നതിന് ആവശ്യമായ ചെലവ് അനുവദിച്ച തുകയുടെ രേഖകൾ പരിശോധിച്ചതിൽ നിന്നും തൻവർഷം ചുവടെ കൊടുക്കും പ്രകാരം തുക ലഭ്യമാവാനുള്ളതായി കാണുന്നു.

| ട്രഷറിബിൽ സാങ്ഷൻ നമ്പർ/തീയതി | തുക | ഗ്രീൻവേംസ് ഇൻവോയിസ് നമ്പർ | തൂക്കം | തുക | ഹരിതകർമ്മസേനയ്ക്ക് കൈമാറേണ്ട 20% തൂക്കത്തിന്റെ തുക |
|---|---|---|---|---|---|
| 97/29/10/22 | 80,948/- | Gw/21-22 /pc193/ 9/2/22 | 31,620 Kg | 2,52,960 | 6324x5= 31,620 |
| 145/17/12/22 | 2,01,760 | Gw/21-22 /pc248/ 31/3/22 | 25,220 Kg | 2,01,760 | 5044x5 = 25,220 |
| 220/09 /02/23 | 235760 | Gw/22-23 /pc33/ 18/5/22 | 29,470 Kg | 2,35,760 | 5894 X5 = 29,470 |

| | | | | | |
|---|---|---|---|---|---|
| 226/14/02/23 | 88,000 | Gw/22-23 /pc57/ 31/5/22 | 11,000 Kg | 88,000 | 2200x5 = 11,000 |
| 274/08 /03/23 | 2,66,080 | Gw/22-23 /pc197/ 31/8/22 | 33,260 Kg | 2,66,080 | 6652x5 =33,260 |
| 275/08 /03/23 | 23,360 | Gw/22-23 /pc208/ 16/9/22 | 2,920 Kg | 23,360 | 584x5 =2,920 |
| 276/08 /03/23 | 1 78,792 | Gw/22-23 /pc252/ 31/10/232 | 53,760 Kg | 4,30,080 | 10752x5 =53,760 |
| | 10,74,700/- | | | | 1,87,250/- |

മേൽ പ്രതിപാദിച്ച കണക്കുകൾ പ്രകാരം 2022 -23 ൽ ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസിന് തുക അനുവദിച്ചതിന്റെ രേഖകൾ പരിശോധിച്ചതിൽ തൻവർഷം ഹരിതകർമ്മസേനയ്ക്ക് 1,87,250/- രൂപ മേൽ പ്രകാരം ലഭിക്കാനുള്ളതായി കാണുന്നു. മേൽ തുക ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (5/2022-23 /03.10.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രീൻവേംസ് ഇക്കോസൊല്യൂഷൻസിൽ നിന്നും 1,87,250/- രൂപ ലഭ്യമാക്കി ഹരിതകർമ്മസേനയ്ക്ക് നൽകി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടി അറ്റകുറ്റപ്പണി - കരാറുകാരന് അധികതുക നൽകിയതും മറ്റപാകതകളും

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് - അങ്കണവാടി അറ്റകുറ്റപ്പണി, പ്രൊജക്ട് നം. 64/23
അടങ്കൽ - 3,12,845/- സംരക്ഷണഗ്രാന്റ് (നോൺ റോഡ്)
ചെലവ് -2,60,901/- ബിൽ നം. 58/30.8.22
കരാറുകാരൻ - വിനോദ് കെ. ആർ

പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ അങ്കണവാടികളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കരാറുകാരന് അധികതുക നൽകി

പ്രവൃത്തിയ്ക്കായി 14.12.2021 ന് ടെണ്ടർ നടത്തിയതിൽ 4 കരാറുകാർ പങ്കെടുക്കുകയും 13.61% Below ക്വാട്ട് ചെയ്ത വിനോദ് കെ. ആർ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. 30.3.2022 ന് പ്രവൃത്തി പൂർത്തീകരിച്ച് 30.8.2022 ന് കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 13.61% ന് പകരം 10.25% ടെൻഡർ കുറവ് അനുവദിച്ചതിനാൽ താഴെ പറയും പ്രകാരം 9,767 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

| കരാറുകാരന് നൽകിയ തുക | കരാറുകാരന് നൽകാവുന്ന തുക |
|---|---|
| ആകെ പ്രവൃത്തി മൂല്യം - 2,59,551/-<br>(+) 12% ജി.എസ്.ടി - 31,146.12<br>ആകെ - 2,90.697.12/-<br>(-) 10.25% Below - 29,796.45<br>- 2,60,900.67/- | ആകെ പ്രവൃത്തി മൂല്യം - 2,59,551/-<br>(+) 12% ജി.എസ്.ടി - 31,146.12<br>ആകെ - 2,90.697.12/-<br>(-) 13.61% Below - 39,563.88<br>- 2,51,133.24/- |
| അധികം നൽകിയത് = 9,767.43/- | |

മേൽ പറഞ്ഞ പ്രകാരം കരാറുകാരന് അധികം നൽകിയ 9,767 രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

2. എക്സ്റ്റീരിയർ പെയിന്റ് ഉപയോഗിച്ച് കെട്ടിടത്തിന്റെ ഉൾവശം പെയിന്റിംഗ് നടത്തിയതിനാൽ അധികച്ചെലവ്.

മേൽ പ്രവൃത്തിയിൽ ചുമരുകളുടെ പെയിന്റിംഗിനായി ഐറ്റം 13 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ 13.46.1 എന്ന ഇനമാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് അക്രിലിക് സ്മൂത്ത് എക്സ്റ്റീരിയർ പെയിന്റ് ഉപയോഗിച്ച് പെയിന്റിംഗ് ചെയ്യുന്നതിനുള്ളതാണ്. കെട്ടിടത്തിന്റെ ഉൾവശം പെയിന്റിംഗ് ചെയ്യുന്ന പ്രവൃത്തിയും ഇതേ ഇനത്തിൽ തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ ഉൾവശം പെയിന്റിംഗ് ചെയ്യുന്നതിനു താരതമ്യേന നിരക്ക് കുറവായ 13.60.1 എന്ന ഇനം ഉൾപ്പെടുത്താമെന്നിരിക്കേ നിരക്ക് കൂടിയ ഇനമായ 13.46.1 ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 11/2022-23 തീയതി 4.10.2023) മറുപടി സമർപ്പിച്ചിട്ടില്ല. അധികം നൽകിയ തുക ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 ആർദ്രം പദ്ധതി - ജീവനക്കാർക്ക് വേതനം - അനുവദനീയമായതിലും അധികം തുക നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം

പ്രോജക്ട് - ആർദ്രം പദ്ധതി - ജീവനക്കാർക്ക് വേതനം, പ്രൊജക്ട് നം. 19/23

അടങ്കൽ - 5,00,000/- വികസനഫണ്ട് (ജനറൽ)

ചെലവ് – 4,15,680/-

ചെങ്ങോട്ട്കാവ് കുടുംബ ആരോഗ്യ കേന്ദ്രത്തിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നിവർക്ക് വേതനം നൽകുന്നതിനാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയത്. കുടുംബ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ഉച്ചകഴിഞ്ഞുകൂടി ഉറപ്പാക്കാനാണ് ഇപ്രകാരം ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയോഗിക്കുന്നത്. ഇത്തരത്തിൽ നിയോഗിക്കപ്പെടുന്ന സ്റ്റാഫിന് ആരോഗ്യവകുപ്പിന്റെ അഡ്ഹോക്ക് നിയമന പ്രകാരമുള്ള വേതനം നൽകേണ്ടതാണെന്ന് സ.ഉ.(കൈ)നം. 115/22ത.സ്വ.ഭ.വ. തിയ്യതി 28.5.2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക7.6.2(ii)ൽ വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ(പി) നം. 29/21/ധന. തീയതി 11.2.2021 നമ്പർ ഉത്തരവ് പ്രകാരം ഫാർമസിസ്റ്റിന് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുക 24,520/- രൂപയാണ്. എന്നാൽ മേൽ പ്രൊജക്ട് പ്രകാരം കരാറടിസ്ഥാനത്തിൽ ഫാർമസിസ്റ്റ് ആയി നിയമിച്ച സജിനയ്ക്ക് പ്രതിമാസം 30,000/- രൂപ നിരക്കിൽ വേതനം നൽകിയിട്ടുണ്ട്. വേതനം നൽകിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

| മാസം | നൽകിയ വേതനം | നൽകാവുന്നത് | അധികം നൽകിയത് | ബിൽ നം./തീയതി |
|---|---|---|---|---|
| നവംബർ 2022 - 13 ദിവസത്തെ വേതനം | 13,000/- | 10,625/- | 2,375/- | 146/17.12.2022 – 54,171/- |
| ഡിസംബർ 2022 | 30,000/- | 24,520/- | 5,480/- | 164/6.1.2023 – 1,25,000/- |
| ജനുവരി 2023 | 30,000/- | 24,520/- | 5,480/- | 212/8.2.2023 – 1,25,000/- |
| ഫെബ്രുവരി 2023 – 13 ദിവസത്തെ വേതനം | 13,000/- | 10,625/- | 2,375/- | 240/17.2.2023 – 57,388/- |
| ഫെബ്രുവരി 2023 - 13 ദിവസത്തെ വേതനം | 13,000/- | 10,625/- | 2,375/- | 314/15.3.2023 – 54,171/- |
| ആകെ | 99,000/- | 80,915/- | 18,085/- | |

സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായതിനേക്കാൾ കൂടുതൽ തുക വേതനമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/2022-23 തീയതി 4.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 18,085/- രൂപ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4 -1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 26-09-2023 മുതൽ 05-10-2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022 -23 | 198484 | പാലിയേറ്റീവ് പരിചരണവും വൈദ്യ സഹായവും | 198484 |
| | 2022 -23 | 99996 | ക്രാഡിൽ അങ്കണവാടി – അങ്കണവാടിശിശുസൗഹൃദമാക്കൽ | 99996 |
| | 2022 -23 | 450000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത | 450000 |
| | 2022 -23 | 200555 | കാലിത്തീറ്റ സബ്സിഡി | 200555 |
| | 2022 -23 | 163987 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 163987 |
| ആകെ | | 1113022 | | 1113022 |
| ജില്ലാ പഞ്ചായത്ത് | 2022 -23 | 142000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത | 142000 |
| ആകെ | 2022 -23 | 125000 | കാലിത്തീറ്റ സബ്സിഡി | 125000 |
| | 2022 -23 | 250000 | ക്ഷീരകർഷകർക്ക് പാലിന് ൻസെന്റീവ് | 250000 |
| ആകെ | | 517000 | | 517000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ /ചെക്ക് നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4 -4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | ഇല്ല | | | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം എസ്) നം. 111/2018 ത.സ്വ ഭ.വ തിയതി 13-08-2018 | | 8496000 | 1518820 | 0 | 6977180 |

## 4-6 സ്ഥിരനിക്ഷേപത്തിന്റെ വിവരം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2062678 |
| തൻവർഷം നിക്ഷേപിച്ച തുക | 144205 |

| | |
|---|---|
| ആകെ | 2206883 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2206883 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ (ഷെയർ നമ്പർ -2988) | 2500 |
| മേലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ഷെയർ (ഷെയർ നമ്പർ -71617) | 100 |
| മേലൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് (FD. No. 002001014973/9) | 2204283 |
| ആകെ | 2206883 |

4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയുടെ വിശദാംശങ്ങൾ | തുക | പേര് | തിയതി | രസീതി നം. |
|---|---|---|---|---|
| 2019 – 20 Para 3(2) 1 | 2,947 | ഒ. എം. ശിവദാസൻ | 19/07/23 | 1220200794 |
| 2019 – 20 Para 3(2) 2 | 8,976 | ഒ. എം. ശിവദാസൻ | 19/07/23 | 1220200796 |
| 2010 -11 Para 3 (1) | 3,330 | ഒ. എം. ശിവദാസൻ | 29/07/22 | 1220200878 |
| 2008 -09 Para 3 -13 | 1,500 | എൻ. രവീന്ദ്രൻ | 25/10/22 | 1220101250 |
| | 16,753/- | | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | | 2003-04 | മറ്റ് പരാമർശം 11.14 | തെക്കേപ്പുറത്ത് റോഡ് പ്രവൃത്തി |
| | | 2011-12 | 3.3.6 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം |
| | | 2011-12 | 3.3.13 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം |
| | | 2013-14 | 6.1.2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-7, 2-8 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ |

## 4-9 ചാർജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോ | ചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (ര | റവന്യു റിക്കവറി നടപടി | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | ഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | | | സീത് നമ്പർ/ തീയതി) | യിലൂടെ ഈടാക്കിയ തുക (തീയതി) | | | | ധ്യത | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2005-06 | 3-5<br>3-8 (1)<br>3-8 (2) | | LF17065/ സ്പെ. സെൽ/ എസ്.സി. 5 എ/09 തീ. 30.10. 2009 | 8457<br>4605<br>5531 | | | | | | 8457<br>4605<br>5531 | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീത് ആന്റ് പേമെന്റ് പ്രകാരം) | 42423372 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് ആന്റ് പേമെന്റ് പ്രകാരം) | 45849689 |
| വരവിനത്തിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 187250/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27852/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,01,354/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2 – 1 | 1,87,250 | | ശ്രീമതി. അനശ്രീ എം. എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3 – 1 | | 9,767 | ശ്രീമതി. സുമിത കെ. ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3 – 2 | | 18,085 | ഡോ. ഷബ്ന, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| | 1,87,250 | 27,852 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1 -19 | 1,50,000/- | ശ്രീമതി. ബിന്ദു പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1 – 20 | 51,354/- | ഡോ. ശിവപ്രസാദ്, മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 1 – 21 | 2,00,000/- | ശ്രീ. എൻ. പ്രദീപൻ, സെക്രട്ടറി |
| 1-24 | 12,00,000 | ശ്രീമതി. സുബിത.കെ.ബി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | 16,01,354/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനുശ്രീ എം. എസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കീഴരിയൂർ ഗ്രാമപഞ്ചായത്ത് | വലിയമുറ്റത്ത്, നടേരി, കോഴിക്കോട് |
| ശ്രീമതി. സുമിത കെ. ബി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കോഴിക്കോട് കോർപ്പറേഷൻ | സീലോട്ട്, കാസ്റ്റിൽ റോക്ക്, ചേവായൂർ, കോഴിക്കോട് |
| ഡോ. ഷബ്ന, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ, തിരുവങ്ങൂർ ഗ്രാമപഞ്ചായത്ത് | ചിപ്പി ഹൗസ്, എടക്കാട് പി. ഒ, കോഴിക്കോട് |
| ശ്രീമതി. ബിന്ദു പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് | മാണിക്യംകണ്ടി, കാക്കൂർ പി. ഒ, നന്മണ്ട, കോഴിക്കോട് |
| ഡോ. ശിവപ്രസാദ്, മെഡിക്കൽ ഓഫീസർ, ആയുർവേദം | പഠനാവശ്യാർത്ഥം അവധിയിൽ പ്രവേശിച്ച | സുഗുണാലയം, തലകുളത്തൂർ, പുറക്കാട്ടിരി, കോഴിക്കോട് |
| ശ്രീ. എൻ. പ്രദീപൻ, സെക്രട്ടറി | സെക്രട്ടറി, ചെങ്ങോട്ട്കാവ് ഗ്രാമപഞ്ചായത്ത് | നിടിയാറമ്പത്ത്, കൊങ്ങന്നൂർ, അത്തോളി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി/പി 13/ 867/2019(1) തിയ്യതി- 02.09.2019 | 10 | 22, 23എ, 32, 33, 34, 35(1), (2), 37, 38, 42, 48 |
| 2000-01 (ഡി.സി .ബി) | കെ.എസ്.എ.കെ.കെ.ഡി/പി 13/ 867/2019(2) തിയ്യതി- 02.09.2019 | 9 | 7, 8, 9, 10, 11, 12, 13, 14, 15 |
| 2001-02 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി/പി 13/ 867/2019(3) തിയ്യതി- 02.09.2019 | 1 | 8 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/13 /867/2019(4) തിയ്യതി- 02.09.2019 | 3 | 3-2, 3-5, 3-12 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി13/ 867/2019(5) തിയ്യതി- 02.09.2019 | 4 | 2-1, 3-3, 3-6, 3-8 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി6/ 744/2009 തിയ്യതി.06/08/2009 | 16 | 2-2(1), 2-2(2), 3-1, 3-2, 3-3,3-4, 3-6, 3-6(1), 3-6(2),3-7, 3-8, 3-9, 3-10, 3-11,3-12, 3-13 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി6/ 877/2009 തിയ്യതി.21/05/2010 | 4 | 1 ഡി, 3-3, 3-4(എ), 3-6 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി4/ 236/2011 തിയ്യതി.14/07/2011 | 9 | 2-1(എ), 2-4(1, 2), 2-4(4), 2-5,3-1, 3-2, 3-3, 3-5, 3-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി4/ 813/2011 തിയ്യതി 21.07.2011 | 18 | 2-4, 2-5, 2-7 (എ മുതൽ എഫ് വരെ), 2-8 മുതൽ 2-11 വരെ, 3-1 മുതൽ 3-5 വരെ, 3-7 മുതൽ 3-11 വരെ, 3-13 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി13/ 92/2013 തിയ്യതി.11/02/2013 | 12 | 2-1, 2-2, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11 |

| | | | |
|---|---|---|---|
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി13/ 93/2013 തിയ്യതി.29/01/2013 | 12 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7,3-8,3-9, 3-10, 3-11, 3-13 |
| 2011-12 & 2012-13 | എൽ.എഫ്.കെ.കെ.ഡി/പി13/ 1587/2014 തിയ്യതി-29.10.2014 | 5 | 3-3, 3-6, 3-7, 3-9,3-10 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി13/ 744/2016 തിയ്യതി.6.09.2016 | 35 | 1-8, 2-1 മുതൽ 2-5 വരെ,3-1 മുതൽ 3-20 വരെ, 3-23 മുതൽ 3-29 വരെ,3-31, 4-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി13/ 620/2017 തിയ്യതി.19.06.2017 | 18 | 2-1, 2-2, 2-3, 2-7, 2-9, 3-2, 3-3, 3-4, 3-5, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-18 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി13/ 2360/17 തീയതി-18.12.17 | 22 | 2-1, 2-1-(3), 2-4, 2-5, 2-6, 2-7, 3-3, 3-4, 3-5,3-7, 3-8 (1, 2, 3, 4, 5, 7),3-8 (8), 3-9(2), 3-9(3)3-9(4), 3-10, 3-11(2), 4-8 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി8/ 718/2020 തീയതി-20.10.2020 | 3 | 2-2, 2-6, 3-12 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി8/ 1312/2020 തീയതി-28.12.2020 | 6 | 1-6, 1-8(2), 1-12, 1-15(1), 1-18, 1-19 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി8/ 889/2021 തിയതി-21.04.2021 | 23 | 1-2(5), 1-12, 1-14 (2), 1-17, 3-2(i)(ii), 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി8 /1861/21 തീയ്യതി-07-12-2021 | 29 | 1-1-2, 1-1-3, 1-1-4, 1-2-1 (1, 2, 3, 4) 1-2-1 (5, 6, 7, 8, 9, 10), 1-4-1, 1-9-1, 1-9-2, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21,1-22, |

| | | | |
|---|---|---|---|
| | | | 1-23, 1-24, 1-25, 1-26, 1-27, 1-28, 4-11 |
| 2021 - 22 | കെ.എസ്.എ.കെ.കെ.ഡി/പി2 /203/23തീയ്യതി-22-05-2023 | 13 | 1-4-1, 1-6, (1,3,5, 6,7,8, 9, 10,11) 1-7, 1-10, 1-11, 1-12, (1,2) 1-13, 1-14, 1-15 (1,2) 1-16,1-19,1-22, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, കോഴിക്കോട്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/2023 dated 27-06-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chengottukave Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chengottukave Grama Panchayat for the year 2022-2023

Date: 26/10/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Chengottukave Grama Panchayat for the Year 2022-2023.

**1.Major Observations**

Non disclousure of assets

**2.Other Observations**

1. Following mandatory financial statements prescribed in accounting rule are not submitted for audit.

a.ratios.
b.notes of accounts.

2. Net increase/decrease in cash flow does not match with the difference between the opening balance and closing balance of the cash and cash equivalents.

3.Lapses in making timely and accrate demand entries in respect of tax and non tax

4. The following demand registers are not periodically reconciled with accounts

e.g Property tax , Licence,Professional tax registers

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്